ഭവനനിർമ്മാണ ബോർഡിലേക്കുള്ള നിയമനങ്ങൾ

643 [213] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ക്ലാർക്ക് തസ്തികയിലേക്ക് 1985–86–ൽ എത്ര താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത നിയമനങ്ങൾ നടക്കുമ്പോൾ പി. എസ്. സി. യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിരുന്നുവോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മൂന്നു ക്ലാർക്കുമാരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. കൂടാതെ ചില അത്യാവശ്യ താൽക്കാലിക ജോലികൾക്കുവേണ്ടി വിവിധ ആഫീസുകളിൽ പല ഘട്ടങ്ങളിലായി ഏതാണ്ട് എൺപതോളം ക്ലാർക്കുമാരുടെ സേവനം വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ 26–3–1986–നു ശേഷം ഇവരുടെ സേവനം വിനിയോഗിക്കുന്നില്ല.

(ബി) ഈ നിയമനങ്ങൾ നടക്കുമ്പോൾ സംസ്ഥാന ഭവന നിർമ്മാണ ബോർഡിനുവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് ഉണ്ടായിരുന്നില്ല.

വനങ്ങൾക്ക് അതിർത്തി നിർണ്ണയിക്കുന്നതു സംബന്ധിച്ച്

644 [214] ശ്രീ. കെ. കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതു സ്ഥാപിച്ച് വനങ്ങൾക്ക് അതിർത്തി നിർണ്ണയിക്കുന്നതിന് നടപടി സംസ്ഥാനത്ത് പൂർത്തിയായോ;

(ബി) വനങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന പരിപാടി എന്താണ്?

ഉത്തരം

(എ) ഇല്ല.

(ബി) വനാതിർത്തികളെല്ലാം തന്നെ ജണ്ടകൾ കെട്ടിയും കല്ല് കയ്യാലകൾ സ്ഥാപിച്ചും അനുയോജ്യമായ സ്ഥലങ്ങളിൽ രണ്ടോ മൂന്നോ വരി ബർണർ ട്രെഞ്ചിംഗ് നടത്തിയും സംരക്ഷിക്കുക എന്നതാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പരിപാടി.

ശബരിമലയുടെ വികസനത്തിന് ദേവസ്വം ബോർഡ് ആവശ്യപ്പെട്ട സ്ഥലം

643 [216] ശ്രീ. വി. സുരേന്ദ്രൻ പിള്ള:
,, ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിന് ദേവസ്വം ബോർഡ് സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം, എത്ര സ്ഥലം വീതമാണ് ആവശ്യപ്പെട്ടിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly